**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4006** **27-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകൾക്ക് നഗരസഭാ പദവി നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നഗരസ്വഭാവമുള്ള പഞ്ചായത്തുകളെ നഗരങ്ങളായി പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഇല്ല. ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കേണ്ട ആവശ്യകതയും നഗരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗര സ്വഭാവം കൈവരിച്ച ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യേണ്ട ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭയുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കാനായി ഒരു സമിതി നേരത്തേ രൂപീകരിച്ചിരുന്നു. നിലവിലുള്ള ഗ്രാമ പഞ്ചായത്തുകൾ തനതുവരുമാന പരിമിതികൾ മൂലം സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാത്ത അവസ്ഥയിൽ നിലനിന്നിരുന്നതിനാലും ഇത്തരം ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയായി ഉയർത്തുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനുള്ള ശേഷി ആ സ്ഥാപനങ്ങൾക്ക് ഇല്ലാത്ത സാഹചര്യം നിലവിലുണ്ടായിരുന്നതിനാലും നിലവിലുണ്ടായിരുന്ന ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി മാറ്റുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളോ മുനിസിപ്പാലിറ്റികളെ കോർപ്പറേഷനുകളോ ആക്കി മാറ്റേണ്ട സാഹചര്യം നിലവിലില്ല എന്ന് പ്രസ്തുത സമിതി ശുപാർശ ചെയ്തു. ഈ ശുപാർശ സർക്കാർ അംഗീകരിച്ചിരുന്നു. |
| (ബി) | നഗരസ്വഭാവം കണക്കാക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്; ആയതിന് ലൈസൻസ് ടൗൺ എന്ന ആശയം സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഏത് വർഷത്തെ | (ബി) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 4-ലെയും ഇന്ത്യൻ ഭരണഘടനയുടെ 243 Q അനുച്ഛേദത്തിലെയും വ്യവസ്ഥകൾ പ്രകാരമാണ് നഗരസ്വഭാവം കണക്കാക്കുന്നത്. ആയതിന് ലൈസൻസ് ടൗൺ എന്ന ആശയം സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | ലൈസൻസാണ് ആധികാരികമായി ഉപയോഗിക്കുന്നത് എന്നറിയിക്കാമോ; | | |
| (സി) | പഞ്ചായത്തുകൾ നഗരസഭകളായി മാറ്റുമ്പോൾ പ്രോപ്പർട്ടി ടാക്സിന് വ്യത്യാസം വരുമോ എന്നറിയിക്കാമോ? | (സി) | പഞ്ചായത്തുകൾ നഗരസഭകളായി മാറ്റുമ്പോൾ പ്രോപ്പർട്ടി ടാക്സിന് വ്യത്യാസം വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ